ബില്ല് ബഹുമാനപ്പെട്ട മന്ത്രിസഭ അംഗീകരിച്ചുണ്ട്. കൂടാതെ ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് വ്യവസായ സംരംഭങ്ങൾ നടത്തുന്നവരുടെയും പുതുതായി തുടങ്ങാൻ ആഗ്രഹിക്കുന്നവരുടെയും പരാതികളും പ്രശ്നങ്ങളും നേരിട്ട് കേൾക്കുന്നതിന് ജില്ലാ തലത്തിൽ 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. പ്രസ്തുത പരിപാടിയിൽ വിവിധ വ്യവസായ പ്രമുഖരുമായി സംവദിക്കുകയും അവരുടെ നിർദ്ദേശങ്ങൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. പരാതി പരിഹരിക്കുന്നതിന്റെ തുടർനടപടികൾക്ക് മേൽനോട്ടം വഹിക്കുന്നതിന് വകുപ്പിലെ മുതിർന്ന IAS ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനകം എറണാകുളം, തിരുവനന്തപുരം, കോട്ടയം ജില്ലകളിൽ 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി സംഘടിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

### വ്യവസായ സൗഹൃദാന്തരീക്ഷം വളർത്തുന്നതിന് നടപടി

153 (1883) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ സൗഹൃദാന്തരീക്ഷം വളർത്തുന്നതിനും കൂടുതൽ വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചുകൊണ്ട് സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രതയും തൊഴിൽ ലഭ്യതയും ഉറപ്പുവരുത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയും എല്ലാ ജില്ലകളിലും ഒരു പ്രത്യേക ഉല്പന്നാധിഷ്ഠിത വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

തീരുമാനിച്ചിട്ടുണ്ട്. പ്രധാനമന്ത്രി ഭക്ഷ്യ സംസ്കരണ വ്യവസായ ഉന്നമന പദ്ധതി (പി.എം.എഫ്.എം.ഇ.പി.)-യിൽപ്പെടുത്തി നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതിയാണ് " ഒരു ജില്ല ഒരു ഉത്പന്നം" എന്ന പദ്ധതി. ഓരോ ജില്ലയിലും പ്രാമുഖ്യമുള്ള ഒരു ഉത്പന്നത്തെ തെരെഞ്ഞെടുത്ത് അതിനെ വളർത്തിയെടുക്കൊണ്ടുവരാനാണ് ശ്രമം. മരച്ചീനി, ചക്ക, അരി ഉത്പന്നം, കൈതച്ചക്ക, സുഗന്ധവ്യഞ്ജനം, ഏത്തക്കായ, നാളികേരം, പാലുത്പന്നങ്ങൾ, വെളിച്ചെണ്ണ തുടങ്ങി 9 ഉത്പ്പന്നങ്ങൾ കേരളത്തിലെ 14 ജില്ലകളിലായി ഒരു ജില്ല ഒരു ഉത്പന്നം പദ്ധതി പ്രകാരം കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയം അംഗീകരിച്ചിട്ടുണ്ട്. ഇതിനായി പ്രോജക്ട് ചെലവിന്റെ 35% പരമാവധി 10 ലക്ഷം രൂപ വരെ 60:40 അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സബ്സീഡിയായി നൽകുന്നതാണ്.

(ബി) പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി മുന്നോട്ടുവരുന്ന സംരംഭകർക്ക് മാർഗ്ഗ നിർദ്ദേശങ്ങളും പരിശീലനവും നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

&

(സി) ഉണ്ടെങ്കിൽ പ്രസ്തുത പരിശീലന പരിപാടികളുടെ മേൽനോട്ട ചുമതല ഏൽപ്പിച്ചിരിക്കുന്നത് ഏത് ഏജൻസിയെയാണോന്നറിയിക്കുമോ?

വ്യവസായം ആരംഭിക്കാൻ മുന്നോട്ടുവരുന്നവർക്കായുള്ള വിവിധ പരിശീലന പരിപാടികൾ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ നൽകി വരുന്നുണ്ട്. കൂടാതെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർഷിപ് ഡെവലപ്മെന്റ് കളമശ്ശേരിയുടെ നേതൃത്വത്തിലും വ്യവസായ സംരംഭകർക്ക് ആവശ്യമായ വിവിധയിനം പരിശീലന പരിപാടികൾ നടത്തി വരുന്നുണ്ട്. ഇതിന് പുറമെ പി.എം.എഫ്.എം.ഇ. പദ്ധതിയുമായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ആയി തിരഞ്ഞെടുത്തിട്ടുള്ള കേരളാ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ നേതൃത്വത്തിൽ നടത്തി വരുന്നു.

(ഡി) ഒരു ജില്ലയിൽ ഒരു വ്യവസായോല്പന്നം പദ്ധതി ഏതെല്ലാം ജില്ലകളിൽ ആരംഭിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ?

കേരളത്തിലെ എല്ലാ ജില്ലകളിലും ടി പദ്ധതി ആരംഭിക്കുന്നുണ്ട്. പദ്ധതിക്കുള്ള അപേക്ഷകൾ എല്ലാ ജില്ലകളിലും ഓൺലൈനായി സ്വീകരിച്ചു വരുന്നുണ്ട്. പ്രസ്തുത പദ്ധതിക്ക് നല്ല രീതിയിലുള്ള അനുകൂല പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്.

## അസന്റ് കേരള 2020

154 (1884) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കൊച്ചിയിൽ സംഘടിപ്പിച്ച അസന്റ് കേരള 2020-ൽ ലഭ്യമായ വാഗ്ദാനങ്ങളുടെ അടിസ്ഥാനത്തിൽ ധാരണാപത്രങ്ങൾ ഒപ്പുവച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം മേഖലകളിലാണ് ധാരണാപത്രം ഒപ്പുവെച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

&

LIBRARY ARCHIVES Kerala Legislative Assembly